**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4171** **09-08-2021 - ൽ മറുപടിയ്ക്ക്**

**മലയാള പഠന നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒരു വിഷയമായി പഠിപ്പിക്കണമെന്ന 2017-ലെ മലയാള പഠനനിയമം നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമത്തിന് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഏതെല്ലാം സ്കൂളുകളിലാണ് ഈ നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (ബി) | തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും ഈ നിയമം നടപ്പിലാക്കുന്നതിന് 02/06/2018-ലെ സ.ഉ(അച്ചടി) നമ്പർ 14/18/പൊ.വി.വ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് പരിശോധന നടത്തുവാൻ നിയമത്തിൽ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ആയതിന് അദ്ധ്യാപക പാനൽ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | 2018-ലെ മലയാളഭാഷാ പഠന ചട്ടങ്ങൾക്കനുസൃതമായി സ്കൂളുകളിൽ മലയാള ഭാഷാപഠനം നടപ്പിലാക്കു ന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചുമതലയാണ്. ചട്ടത്തിൽ വ്യവസ്ഥ ചെയ്തു പ്രകാരം പരിശോധന നടത്തുന്നതിനായി ഹൈസ്കൂൾ വിഭാഗത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉൾപ്പെട്ട അദ്ധ്യാപകരുടെ പാനലും പ്രൈമറി വിഭാഗത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉൾപ്പെട്ട അദ്ധ്യാപകരുടെ പാനലും രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ